ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 11.11.2025**

## പ്രധാനവാർത്തകൾ

1) ഡൽഹി സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2) ഡൽഹി സ്ഫോടനത്തെ കുറിച്ചുള്ള അന്വേഷണം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറി കേന്ദ്ര ആഭ്യന്തരമന്ത്രാലയം. സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്തി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

3) തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിതരണം ചെയ്ത എന്യൂമെറേഷൻ ഫോമുകളുടെ എണ്ണം ഒരു കോടി കവിഞ്ഞു.

4) നിയമസഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ട വോട്ടെടുപ്പിൽ വിധിയെഴുതി ബിഹാർ. 5 മണി വരെ 67.14 ശതമാനം പോളിംഗ്. രണ്ടു ഘട്ടങ്ങളിലേയും വോട്ടെണ്ണൽ വെള്ളിയാഴ്ച.

5) അന്താരാഷ്ട്ര ബ്ലൂ ഫ്ളാഗ് പദവി തുടർച്ചയായ ആറാം തവണയും നിലനിർത്തി കോഴിക്കോട് കാപ്പാട് ബീച്ച്.

6) സംസ്ഥാനത്ത് നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

*******************

RNU TVPM

## ഡൽഹി-സ്ഫോടനം

ഡൽഹി സ്ഫോടനത്തെ കുറിച്ചുള്ള അന്വേഷണം കേന്ദ്ര ആഭ്യന്തര മന്ത്രാലയം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറി. നിലവിലെ സുരക്ഷാ സ്ഥിതിഗതികൾ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ചേർന്ന ഉന്നതതല യോഗം വിലയിരുത്തി. കേന്ദ്രആഭ്യന്തര സെക്രട്ടറി, ഇൻറലിജൻസ് ബ്യൂറോ ഡയറക്ടർ, ഡൽഹി പോലീസ് കമ്മീഷണർ, എൻ ഐ എ-ഡയറക്ടർ ജനറൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ജമ്മുകശ്മീർ ഡി.ജി.പി യോഗത്തിൽ വെർച്വലായിയാണ് പങ്കെടുത്തത്. ചുവപ്പ് കോട്ടയ്ക്ക് സമീപം ഇന്നലെയുണ്ടായ സ്ഫോടനത്തിൽ 8 പേരാണ് മരിച്ചത്. ഡൽഹി സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ രാജ്യമെമ്പാടും സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

*******************

## പിഎം-രാജ്നാഥ് സിംഗ്

PRU TVPM

ഡൽഹി സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭൂട്ടാൻ സന്ദർശനത്തിനിടെയായിരുന്നു പ്രധാനമന്ത്രിയുടെ പരാമർശം. അതെസമയം, ഡൽഹി സ്ഫോടനത്തിന് ഉത്തരവാദികളായവരെ യാതൊരു കാരണവശാലും രക്ഷപ്പെടാൻ അനുവദിക്കില്ലെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ വ്യക്തമാക്കി.

*******************

## ജാഗ്രത - കേരളം

സംസ്ഥാനത്തും ഡൽഹി സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ സുരക്ഷാ പരിശോധന ശക്തമാക്കി.
എല്ലാ ജില്ലകളിലേയും പ്രധാന റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, ആരാധനാലയങ്ങൾ ഉൾപ്പടെയുള്ള മറ്റു പ്രധാന കേന്ദ്രങ്ങളിൽ പൊലീസും ബോംബ് സ്ക്വാഡും പരിശോധന നടത്തി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് പുറപ്പെടുന്ന യാത്രക്കാർക്കുള്ള സുരക്ഷാ പരിശോധന പെരുമാറ്റച്ചട്ടങ്ങൾ വർദ്ധിപ്പിച്ചു. യാത്രക്കാർ പുറപ്പെടാൻ

അനുവദിച്ചിട്ടുള്ള സമയത്തിനു മുമ്പ് എത്തിച്ചേർന്ന് സുരക്ഷാ പരിശോധനാ നടപടികളിൽ സഹകരിക്കണമെന്ന് നിർദേശമുണ്ട്.

*******************

## തദ്ദേശ തിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം വെള്ളിയാഴ്ച പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. പത്രികകളുടെ സൂക്ഷ്മ പരിശോധന നവംബർ 22 ന് നടക്കും. 24 വരെ പത്രിക പിൻവലിക്കാൻ അവസരമുണ്ട്. രണ്ടു ഘട്ടങ്ങളിലായി ഡിസംബർ 9 നും, 11 നുമാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ.

*******************

## വോട്ടർപട്ടിക (ഇൻട്രോ)

തദ്ദേശ തിരഞ്ഞെടുപ്പിനുള്ള സമയക്രമം പ്രസിദ്ധീകരിച്ചതോടെ സുതാര്യമായ വോട്ടെടുപ്പ് ഉറപ്പാക്കാനുള്ള നടപടികളാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ച് വരുന്നത്. ഇതിൽ ഏറ്റവും പ്രധാനമാണ് വോട്ടർപട്ടികയുമായി ബന്ധപ്പെട്ട നടപടികൾ.

**ഒരു റിപ്പോർട്ട്.............**

(വോയിസ്)

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പിനും തദ്ദേശ തിരഞ്ഞെടുപ്പിനും വ്യത്യസ്ത വോട്ടർപട്ടികയാണ് തയ്യാറാക്കുന്നത്. തദ്ദേശ തെരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടിക സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനും നിയമസഭാ, പാർലമെൻറ് തിരഞ്ഞെടുപ്പുകൾക്കുള്ള വോട്ടർപട്ടിക കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനുമാണ് തയ്യാറാക്കുന്നത്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻറെ മേൽനോട്ടത്തിൽ അതാത് സ്ഥാപനങ്ങളിലെ ഇലക്ട്രറൽ രജിസ്ട്രേഷൻ ഓഫീസറാണ് പട്ടിക തയ്യാറാക്കുന്നത്. തദ്ദേശസ്ഥാപനങ്ങളുടെ വോട്ടർപട്ടിക അതാത് സ്ഥാപനങ്ങളിലും കമ്മീഷൻറെ **sec. kerala. gov. in** എന്ന വെബ്സൈറ്റിലും ലഭ്യമാണ്. വോട്ടർ സെർച്ച് ഓപ്ഷനിൽ ക്ലിക്ക്

RNU TVPM

ചെയ്താൽ വോട്ടർപട്ടികയിൽ പേരുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കും. വോട്ടർപട്ടികയിലേക്ക് അപേക്ഷിക്കുമ്പോൾ നൽകിയിട്ടുള്ള പേര്, കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻറെ വോട്ടർതിരിച്ചറിയിൽ കാർഡ് നമ്പർ എന്നിവ പേര് തിരയുന്നതിന് ഉപയോഗിക്കാം. ഇതിന് പുറമെ തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർമാർക്ക് നൽകിയിട്ടുള്ള **SEC** എന്ന ഇംഗ്ലീഷ് അക്ഷരങ്ങളും 9 അക്കങ്ങളും ചേർന്ന സവിശേഷ തിരിച്ചറിയൽ നമ്പർ, **SEC ID** ഉപയോഗിച്ചും പേര് തിരയാവുന്നതാണ്.

**ന്യൂസ് ഡസ്ക്, ആകാശവാണി......**

*******************

## <u>സ്ഥാനാർത്ഥി -പട്ടിക</u>

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി പ്രഖ്യാപനത്തിന് പിന്നാലെ പ്രചാരണത്തിലും ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുകയാണ് വിവിധ മുന്നണികൾ. UDF ഉം BJP യും ആദ്യഘട്ട സ്ഥാനാർത്ഥിപട്ടിക ഇറക്കിയതോടെ കൊല്ലം കോർപ്പറേഷനിലും തെരഞ്ഞെടുപ്പിൻ്റെ തയ്യാറെടുപ്പുകൾ ആരംഭിച്ചു കഴിഞ്ഞു. കോൺഗ്രസ് 13 സ്ഥാനാർത്ഥികളെയും ആർ.എസ്.പി 10 സ്ഥാനാർത്ഥികളെയും ബിജെപി 21 സ്ഥാനാർത്ഥികളെയു ഇതുവരെ പ്രഖ്യാപിച്ചു.

കണ്ണൂർ ജില്ലാ പഞ്ചായത്തിൽ എൽഡിഎഫ് സീറ്റ് വിഭജനം പൂർത്തിയായി. കോഴിക്കോട് കോർപറേഷനിൽ ബി. ജെ. പിയുടെ ആദ്യ ഘട്ട സ്ഥാനാർഥി പട്ടികയിൽ നിലവിലെ കൗൺസിൽ അംഗങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

*******************

## <u>തീവ്ര വോട്ടർപ്പട്ടിക</u>

തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിൻറെ ഭാഗമായി കേരളത്തിൽ എന്യൂമെറേഷൻ ഫോം വിതരണം ഒരു കോടി കവിഞ്ഞു. എട്ട് ദിവസം കൊണ്ടാണ് ഈ നേട്ടം കൈവരിച്ച തെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ. യു കേൽക്കർ പറഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പ് SIR നെ ബാധിക്കില്ലെന്നും

RNU TVPM

വോട്ടർമാർ ഓൺലൈൻ സംവിധാനം ഫലപ്രദമായി വിനിയോഗിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

*******************

## ബ്ലൂ ഫ്ളാഗ് - കാപ്പാട് ബീച്ച്

അന്താരാഷ്ട്ര ബ്ലൂ ഫ്ളാഗ് പദവി ആറാം തവണയും നിലനിർത്തി കോഴിക്കോട് കാപ്പാട് ബീച്ച്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പരിപാലിച്ചുവരുന്ന ബീച്ചിൽ നടപ്പാക്കുന്ന ഓർക്കിഡുകളുടെ പുനരധിവാസ പദ്ധതിക്കാണ് ഈ വർഷത്തെ മികച്ച പ്രവർത്തനങ്ങളുടെ മത്സര വിഭാഗത്തിൽ ഒന്നാം സ്ഥാനം ലഭിച്ചത്. പ്രാദേശിക ഓർക്കിഡ് ഇനങ്ങളെ പുനരുദ്ധരിക്കുകയും തേനീച്ചകളും ശലഭങ്ങളും പോലുള്ള പരാഗണ ജീവികളേയും സംരക്ഷിക്കുകയുമാണ് കാപ്പാട് പദ്ധതിയിലൂടെ നടപ്പാക്കി വരുന്നത്.

*******************

## മുഖ്യമന്ത്രി- യുഎഇ

അബുദാബി കിരീടാവകാശിയും അബുദാബി എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാനുമായ ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായേദ് അൽ നഹ്യാനുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തി. വിവിധ മേഖലകളിൽ കേരളവും യുഎഇയും തമ്മിലുള്ള സഹകരണം ഉറപ്പാക്കുക, സാമ്പത്തിക-വികസന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി. കൂടുതൽ നിക്ഷേപ പദ്ധതികൾക്ക് വഴി തുറക്കുന്നത് സംബന്ധിച്ചും ചർച്ചകൾ നടന്നു.

RNU TVPM

*******************

## ബിഹാർ - തെരഞ്ഞെടുപ്പ്

നിയമസഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ട വോട്ടെടുപ്പിൽ വിധിയെഴുതി ബിഹാർ. 5 മണി വരെ 67.14 ശതമാനമാണ് പോളിംഗ്. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. രണ്ടാംഘട്ടത്തിൽ 302 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ഈ മാസം 6 ന് നടന്ന ആദ്യഘട്ട വോട്ടെടുപ്പിൽ6 5.08

ശതമാനമായിരുന്നു പോളിംഗ്.  ഇരുഘട്ടങ്ങളിലേക്കുമുള്ള  വോട്ടെണ്ണൽ വെള്ളിയാഴ്ച നടക്കും.

*******************

## അറസ്റ്റ്-എൻ വാസു

ശബരിമല സ്വർണ്ണപ്പാളി കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എൻ. വാസുവിനെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. രണ്ട് ദിവസത്തെ ചോദ്യം ചെയ്യലിന് ശേഷം ഇന്ന് തിരുവനന്തപുരത്താണ് അറസ്റ്റ് രേഖപ്പെടുത്തിയത്. എൻ വാസുവിനെ ഇന്ന് തന്നെ റാന്നി കോടതിയിൽ ഹാജരാക്കും.

*******************

## ശബരിമല (ഇൻട്രോ)

മണ്ഡല - മകരവിളക്ക് തീർഥാടനത്തിന് ഒരുങ്ങി സന്നിധാനം.   ശബരിമല ക്ഷേത്രനട ഞായറാഴ്ച തുറക്കും. **ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയിസ്)

PNU TVPM

*******************

## മണ്ണാറശാല ആയില്യം

പ്രശസ്തമായ മണ്ണാറശാല ആയില്യം നാളെ. പ്രധാന ചടങ്ങുകളിൽ പങ്കെടുക്കാൻ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ഇന്ന് പൂയം തൊഴലാണ്. നാളെ ആയില്യമഹോത്സവം പ്രമാണിച്ച് ആലപ്പുഴ ജില്ലയിൽ പ്രാദേശിക അവധി നൽകിയിട്ടുണ്ട്. കെ എസ് ആർ ടി സി പ്രത്യേക സർവീസുകളും സജ്ജമാക്കി.

*******************

## വെച്ചൂർ ഹരിഹരസുബ്രഹ്മണ്യൻ

പ്രശസ്ത സംഗീതജ്ഞൻ വെച്ചൂർ ഹരിഹരസുബ്രഹ്മണ്യ അയ്യരുടെ നൂറാം ജന്മവാർഷിക ആഘോഷ പരിപാടികൾ  തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. കിഴക്കേക്കോട്ട കാർത്തിക തിരുനാൾ തിയേറ്ററിൽ

നടക്കുന്ന പരിപാടി, പൂയം തിരുനാൾ ഗൗരി പാർവതി ഭായി ഉദ്ഘാടനം ചെയ്യും. പരിപാടിയുടെ ഭാഗമായി പ്രത്യേക സംഗീതക്കച്ചേരിയും സംഘടിപ്പിച്ചിട്ടുണ്ട്.

*******************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

*******************

## ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ

ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകൾക്ക് ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ. വയനാട് പുൽപള്ളി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർക്ക് നേരെ ഇന്നലെ നടന്ന ആക്രമണത്തിലാണ് പ്രതികരണം. സംഭവത്തിൽ KGMOA യും പ്രതിഷേധിച്ചു.

RNU TVPM

*******************

## ഏകതാ പദയാത്ര

സർദാർ വല്ലഭായ് പട്ടേലിൻറെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ആറ്റിങ്ങലിൽ ഏകതാ പദയാത്ര സംഘടിപ്പിച്ചു. സമാപന സമ്മേളനം മൈ ഭാരത് സംസ്ഥാന ഡയറക്ടർ എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.
സർദ്ദാർ പട്ടേലിൻ്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തിയ ശേഷം ഏകതാപ്രതിജ്ഞയും ചൊല്ലി.

*******************

## ജല വിതരണം തടസ്സപ്പെടും

ജല അതോറിറ്റിയുടെ വെള്ളയമ്പലം ജല ശുദ്ധീകരണ ശാലയിൽ ശുചീകരണ ജോലികൾ നടക്കുന്നതിനാൽ തിരുവനന്തപുരത്ത് വിവിധയിടങ്ങളിൽ ജലവിതരണം തടസ്സപ്പെടും. കുര്യാത്തി സെക്ഷൻ പരിധിയിൽ വരുന്ന തമ്പാനൂർ, ഫോർട്ട്, ശ്രീവരാഹം തുടങ്ങിയ വാർഡുകളിലും പാറ്റൂർ സെക്ഷൻ പരിധിയിൽ വരുന്ന ശ്രീകണ്ഠേശ്വരം, പാൽക്കുളങ്ങര വാർഡുകളിലും ഇന്നും നാളെയും ജലവിതരണം ഭാഗികമായും മറ്റന്നാൾ പൂർണമായും തടസ്സപ്പെടും.

*******************

**************

**********

RNU TVPM